**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 767** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭക്ഷണവിതരണം തടസ്സപ്പെട്ടത്</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. വി. കെ. സനോജ് | ശ്രീമതി കെ. എ. തുളസി |
| ശ്രീ. എ. പ്രഭാകരൻ | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീ. കെ. പ്രേംകുമാർ | |
| ശ്രീ. എം. വിജിൻ | |

**(എ)** 2026 ഓഗസ്റ്റിൽ നിലമ്പൂർ ഗവ. ഐ.ടി.ഐ.ഹോസ്റ്റലിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഭക്ഷണവിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലമ്പൂർ ഗവ. ഐ.ടി.ഐ വ്യവസായ പരിശീലന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. ആയതിനാൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്ന് ഫണ്ട് അനുവദിക്കുന്നില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നോ, വ്യവസായ പരിശീലന വകുപ്പിൽ നിന്നോ അന്വേഷണം നടത്തിയിട്ടില്ല.

**(ബി)** ഫണ്ട് അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിനുണ്ടായ കാലതാമസത്തിന്റെ നാൾവഴികളും ഈ പ്രതിസന്ധിക്ക് കാരണമായ സാമ്പത്തിക-ഭരണപരമായ വീഴ്ചകളും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വ്യവസായ പരിശീലന വകുപ്പിൽ നിന്നും അധ്യയനവർഷം അവസാനിക്കുന്ന 2026 ജൂൺ 30 വരെ ഭക്ഷണ വിതരണത്തിന് അനുമതി നൽകിയിരുന്നു. 10/08/2026 ന് ഈ അധ്യയനവർഷത്തെ ക്ലാസുകൾ ആരംഭിച്ചു. 17/08/2026 മുതൽ ഈ അധ്യയനവർഷത്തെ ഭക്ഷണ വിതരണം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**(സി)** 2026-27 സാമ്പത്തിക വർഷം ഹോസ്റ്റലിലെ ഭക്ഷണത്തിനായി ആവശ്യപ്പെട്ട തുക, അനുവദിച്ച തുക,വിതരണം ചെയ്ത തുക,കുടിശ്ശിക എന്നിവയുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആവശ്യപ്പെട്ട തുക - 29,14,932/- (2027 മാർച്ച് 31 വരെ)

വ്യവസായ പരിശീലന വകുപ്പിൽ നിന്നും അനുവദിച്ച തുക - 4,01,164/-

വിതരണം ചെയ്ത തുക - 4,01,164/-

കുടിശ്ശിക (2026 ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 30 വരെ) - ₹4,10,808/-

**(ഡി)** പ്രസ്തുത പ്രതിസന്ധിയെത്തുടർന്ന് ഹോസ്റ്റൽ എത്ര ദിവസം അടച്ചിടേണ്ടിവന്നുവെന്നും ഇത് എത്ര വിദ്യാർത്ഥികളുടെ പഠനത്തെ ബാധിച്ചുവെന്നും വ്യക്തമാക്കുമോ;

**മറുപടി:** രണ്ട് ദിവസം ഹോസ്റ്റൽ അടച്ചിരുന്നു. ഈ അധ്യയനവർഷത്തെ അഡ്മിഷൻ 22/09/2026 തീയതിയിലേക്ക് ദീർഘിപ്പിച്ചതിനാൽ Syllabus അനുസരിച്ചുള്ള പരിശീലനം ആരംഭിച്ചിരുന്നില്ല. അതിനാൽ 2 ദിവസത്തെ അവധി പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഭക്ഷണ വിതരണം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും, 18/08/2026-ന് ഭക്ഷണ വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**(ഇ)** വിദ്യാർത്ഥികൾക്ക് സ്വന്തം വീടുകളിലേക്കും ഊരുകളിലേക്കും മടങ്ങേണ്ടി വന്നതിനാൽ അവരുടെ പഠനം മുടങ്ങാതിരിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

**മറുപടി:** രണ്ട് ദിവസം ഹോസ്റ്റൽ അടച്ചിരുന്നു. ഈ അധ്യയനവർഷത്തെ അഡ്മിഷൻ 22/09/2026 തീയതിയിലേക്ക് ദീർഘിപ്പിച്ചതിനാൽ Syllabus അനുസരിച്ചുള്ള പരിശീലനം ആരംഭിച്ചിരുന്നില്ല. അതിനാൽ 2 ദിവസത്തെ അവധി പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഭക്ഷണ വിതരണം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും, 18/08/2026-ന് ഭക്ഷണ വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**(എഫ്)** ഭക്ഷണവിതരണം തടസ്സപ്പെട്ട കാലയളവിൽ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ ബദൽ ഭക്ഷണ സൗകര്യങ്ങളുടെയോ വിതരണം ചെയ്ത അലവൻസിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി:** രണ്ട് ദിവസം ഹോസ്റ്റൽ അടച്ചിരുന്നു. ഈ അധ്യയനവർഷത്തെ അഡ്മിഷൻ 22/09/2026 തീയതിയിലേക്ക് ദീർഘിപ്പിച്ചതിനാൽ Syllabus അനുസരിച്ചുള്ള പരിശീലനം ആരംഭിച്ചിരുന്നില്ല. അതിനാൽ 2 ദിവസത്തെ അവധി പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഭക്ഷണ വിതരണം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും, 18/08/2026-ന് ഭക്ഷണ വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**